(എഫ്) സമയബന്ധിതമായ ചില പ്രത്യേക പ്രോജക്ടുകൾ ചെയ്തു തീർക്കുന്നതിനുവേണ്ടി മാത്രമാണ് കരാറടിസ്ഥാനത്തിൽ ചിലരെ നിയമിക്കേണ്ടി വരുന്നത്. ഈ ജോലി സ്ഥിര സ്വഭാവമുള്ളവയല്ല. ഈ സെന്ററിന്റെ സർവീസ് റൂൾസ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നവരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥകളുമില്ല.

(ജി) ഈ സ്ഥാപനത്തിന്റെ സർവ്വീസ് റൂൾസ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിരമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വികാസ് ഭവനിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

ബോട്ടാണിക്കൽ ഗാർഡന് അനുവദിച്ച തുക

51 (3241) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയം സെന്റർ ഫോർ എക്സലൻസ് പദ്ധതിയിൽപ്പെടുത്തി ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതി പ്രകാരം അംഗീകരിച്ച ഇനങ്ങൾക്കായി അനുവദിച്ച തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ പരിപാടിയ്ക്ക് വേണ്ടി ഏത്രപേരെ നിയമിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 78.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) ദേശീയ അന്തർദേശീയ മാർക്കറ്റിൽ നിന്നും വാങ്ങേണ്ട വില പിടിപ്പുള്ള ഉപകരണങ്ങൾ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവ ഒഴികെയുള്ള അംഗീകരിക്കപ്പെട്ട ഇനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനും ഉള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഡി) ഏഴ് പേരെ നിയമിച്ചിട്ടുണ്ട്.

ബാച്ചിലർ ബാരക്സ്

52 (3242) ശ്രീ. കെ. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ സായുധസേനാ വിഭാഗത്തിൽ നിർമ്മാണം പൂർത്തിയായ ബാച്ചിലർ ബാരക്സ് താമസത്തിന് വിട്ടുകൊടുക്കുവാൻ കാലതാമസം ഉണ്ടാവാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ഈ ബാരക്സ് എന്ന് താമസത്തിനായി വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly